**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 636** **06-12-2022 - ൽ മറുപടിയ്ക്ക്**

**പുതിയ വ്യവസായ സംരംഭകരെ ആകർഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ സൃഷ്ടിക്കുമെന്ന സർക്കാർ പ്രഖ്യാപനത്തിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ; | (എ) | 2022-23 സംരംഭക വർഷത്തിന്റെ ഭാഗമായ കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക തദ്ദേശസ്വയംഭരണം, സഹകരണം ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തി വരുന്നു.<br><br>പദ്ധതി ആരംഭിച്ച ശേഷം 2022 ഡിസംബർ 1 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത 95,754 MSME യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുകയും അവയിലൂടെ 5928.40 കോടി രൂപ നിക്ഷേപം വരുകയും സംസ്ഥാനമൊട്ടാകെ 2,09,001 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കേരളത്തിൽ സംരഭം നടത്തി ബിസ്സിനസ്സ് രംഗത്ത് മികവു കാട്ടിയവർ അവരുടെ പുതിയ സംരംഭങ്ങൾ കേരളത്തിൽ ആരംഭിക്കാതെ മറ്റ സംസ്ഥാനങ്ങളിലേക്ക് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പൊതുവായ രീതിയിൽ അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | നമ്മുടെ സംസ്ഥനത്തെ വ്യവസായ എസ്റ്റേറ്റുകളിൽ ഭൂമി പാട്ടത്തിനു നൽകുന്നതിന്റെ നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; വ്യവസായികൾക്ക് സുഗമമായി സംരംഭം നടത്താൻ പാകത്തിൽ വ്യവസായ എസ്റ്റേറ്റുകളിലടക്കം നയരൂപീകരണത്തിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ; | (സി) | വ്യവസായ വകുപ്പിന്റെ പരിധിയിൽ വരുന്ന വ്യവസായ എസ്റ്റേറ്റുകളിൽ നിലവിൽ ഭൂമി പാട്ടത്തിന് നൽകുന്നില്ല. എന്നാൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള കെ.എസ്.ഐ.ഡി.സി- യിലെ വ്യവസായ പാർക്കുകളിൽ അലോട്മെന്റ് പോളിസ |

| | | | |
|---|---|---|---|
| | | | പ്രകാരം വ്യവസായ യൂണിറ്റുകൾക്ക് 3( വർഷത്തെ പാട്ടവ്യവസ്ഥയിലാണ് ഭൂമ് അനുവദിക്കുന്നത്. ഭൂമി ആവശ്യപ്പെട്ടുള്ള അപേക്ഷ കിട്ടിയതിനു ശേഷം 10 ഏക്കർ വരെയുള്ള അപേക്ഷകൾ ഡിസ്ട്രിക് ഇൻഡസ്ട്രിയൽ ലാൻഡ് അലോട്മെന്റ് കമ്മിറ്റി (DILAC) യുടെ തീരുമാനപ്രകാരവും 10 ഏക്കറും അതിൽ കൂടുതലും ഭൂമി സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ലാൻഡ് അലോട്ട്മെന്റ് കമ്മിറ്റിയുടെ തീരുമാനപ്രകാരവും ആണ അനുവദിക്കുന്നത്. പ്രസ്തുത പോളിസി പ്രകാരം മൊത്തം പാട്ട തുകയുടെ 50% അലോട്ട്മെന്റ് അനുവദിച്ച് 90 ദിവസത്തിനുള്ളിൽ അടക്കേണ്ടതാണ്. ബാക്കി 50%, 2 വർഷത്തിനകം രണ്ടു തവണകളായി ഇന്ററസ്റ്റോടുകൂടി അടക്കേണ്ടതാണ്.<br><br>കിൻഫ്രയിലെ വ്യവസായ പാർക്കിൽ ലീസിന നൽകുന്ന ഭൂമി, എന്താവശ്യത്തിനാണോ അലോട്ട് ചെയ്യുന്നത് ആ ആവശ്യത്തിന മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ വ്യവസായങ്ങൾ ആരംഭിക്കുന്നതിന നിശ്ചയിച്ചിരിക്കുന്ന സമയപരിധി 24 മാസമാണ്. പാട്ടത്തിന് എടുക്കുന്ന ഭൂമി മറ്റ സംരംഭകർക്കോ, സ്ഥാപനങ്ങൾക്കോ ഉപപാട്ടമോ കൈമാറ്റമോ ചെയ്യാൻ പാടില്ല കിൻഫ്ര രൂപീകരിച്ചിട്ടുള്ള ലാന്റ് ഡിസ്പോസൽ റെഗുലേഷൻ അനുശാസിക്കുന്ന പ്രകാരമാണ കിൻഫ്ര പാർക്കുകളിലെ എല്ലാ അലോട്ട്മെന്റുകളും നടന്നുവരുന്നത് ഇതുപ്രകാരം വ്യവസായ സംരംഭകർക്ക അവരുടെ സംരംഭങ്ങൾ സുഗമമായി നടത്തുന്നതിന് നിലവിൽതന്നെ സാഹചര്യമുണ്ട്.<br><br>വ്യവസായികൾക്ക് സുഗമമായി സംരംഭ നടത്താൻ പാകത്തിൽ വ്യവസായ എസ്റ്റേറ്റുകളിലടക്കം പുതിയ നയരൂപീകരണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ഡി) | തൊഴില്ലടമയെ ദോഷകരമായി ബാധിക്കുന്ന വ്യവസ്ഥകളുള്ള തൊഴിൽ നിയമങ്ങളും അശാസ്ത്രീയമായ മിനിമം വേജസ് ആക്ടും കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഡി) | നിലവിലുണ്ടായിരുന്ന 29 കേന്ദ്ര തൊഴിൽ നിയമങ്ങളെ സംയോജിപ്പിച്ചുകൊണ്ട് Code on Wages 2019, The Industrial Relation Code 2020, The Social Security Code 2020, The Occupational Safety, Health & Working Condition Code 2020 എന്നീ 4 കോഡുകളായി നിർമ്മിക്കുകയും അവ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത കോഡുകൾ സംബന്ധിച്ച് വിവിധ ഘട്ടങ്ങളിലെ ചർച്ചകളിൽ കേരള സർക്കാർ പങ്കെടുക്കുകയും സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും യഥാസമയം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കരട് ചട്ടങ്ങൾ തയ്യാറാക്കിയപ്പോൾ സംസ്ഥാന ഗവൺമെന്റിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് തൊഴിലാളി താൽപര്യങ്ങൾ പരമാവധി സംരക്ഷിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. Code on Wages 2019 നിയമം പ്രാബല്യത്തിൽ വരുമ്പോൾ Payment Wages Act 1936, Minimum Wages Act 1948, Payment of Bonus Act 1965, Equal Remuneration Act 1976 എന്നീ നാല് തൊഴിൽ നിയമങ്ങൾ റദ്ദാക്കപ്പെടുന്നതാണ്.<br><br>മിനിമം വേതനം നിയമം അനുസരിച്ചുള്ള ഷെഡ്യൂൾ പ്രകാരമാണ് നിലവിൽ മിനിമം വേതനം നിശ്ചയിച്ചിരിക്കുന്നത്. Code on Wages പ്രകാരം മിനിമം വേതനം എല്ലാ മേഖലയ്ക്കും ബാധകമാണ്. നിലവിൽ 87 തൊഴിൽ മേഖലകൾക്ക് വ്യത്യസ്ത നിരക്കുകളിൽ നിശ്ചയിച്ചിരിക്കുന്ന മിനിമം വേതനം പുതിയ കോഡ് പ്രകാരം Highly Skilled, semi skilled, skilled, Unskilled എന്നീ 4 കാറ്റഗറികളിലായി വൈദഗ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന രീതിയിലാണ് വേജ് കോഡിൽ പ്രതിപാദിച്ചിരിക്കുന്നത്.<br><br>തൊഴിലും നൈപുണ്യവും വകുപ്പുമായി ബന്ധപ്പെട്ട നിയമങ്ങൾ/ചട്ടങ്ങൾ/റെഗുലേഷനുകൾ പരിഷ്കരിക്കുന്നതിന് വ്യവസായ വകുപ്പിന്റെയും തൊഴിലും നൈപുണ്യവും വകുപ്പിന്റെയും പ്രതിനിധികളെ ഉൾപ്പെടുത്തി വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ച് 26/11/2022 ലെ സ.ഉ(സാധാ)നം.1253/2022/IDഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ